04/01/2022

26/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.1143(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*5358/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ശ്രീനി പ്രസാദ് സി.കെ.,
ചാണ്യാമുറിയിൽ, പുഞ്ചിരി ലെയിൻ,
തേവര പി.ഒ., കൊച്ചി-13 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
   എറണാകുളം
2. അപ്പീൽ അധികാരി &
   വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
   എറണാകുളം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 22.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.01.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15.02.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.03.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20.04.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 26.04.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13.09.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 13.10.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 17.11.2021, എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ശ്രീനിപ്രസാദ് സി.കെ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ട എല്ലാ ഉത്തരവുകളുടേയും പകർപ്പുകൾ ലഭ്യമായില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 22.12.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് വിദ്യാഭ്യാസ വകുപ്പിലെ ഓഫീസ് അറ്റൻഡന്റായ ജീവനക്കാരുടെ റെക്കോർഡ് അറ്റൻഡർ തസ്തികയിലെ നിലവിലുള്ള സീനിയോരിറ്റി പട്ടികയുടെ പകർപ്പ് നൽകണമെന്നും ടി വകുപ്പിൽ അസിസ്റ്റന്റായി നിയമനം ലഭിച്ചവരുടെ ഏറ്റവും പുതിയ പട്ടികയുടെ പകർപ്പ് നൽകണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ 16.01.2021 ൽ നൽകിയ മറുപടിയിൽ പകർപ്പ് ഫീസ് അടക്കാൻ നിർദ്ദേശം നൽകിയതായി കാണുന്നു. എന്നാൽ ടിയാൻ എല്ലാ പകർപ്പുകളും ലഭ്യമായിട്ടില്ലെന്നു കാണിച്ച് രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി അറിയിച്ചത്, എതു പകർപ്പാണ് ലഭ്യമായിട്ടില്ല എന്നു ടിയാന്റെ ഒന്നാം അപ്പീലിൽ വ്യക്തമായി പറയുന്നില്ലെന്നും ടിയാന് നേരിട്ട് മുൻകൂർ അനുമതി വാങ്ങി

RIGHT TO INFORMATION

വിവരാവകാശ നിയമം അനുശാസിക്കുന്ന ഫീസ് ഒടുക്കി ഫയൽ നേരിട്ട് പരിശോധിക്കാവുന്നതാണെന്നും മറ്റുമാണ്.

3. രണ്ടാം എതിർകക്ഷി 16.10.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജികക്ഷിക്കു ഫയൽ നേരിട്ട് പരിശോധിക്കാൻ അവസരം നൽകിയെങ്കിലും ടിയാൻ ആയതിന് എതിർകക്ഷി ഓഫീസിനെ സമീപിച്ചില്ലെന്നും ടിയാൻ ആവശ്യപ്പെട്ട 2019-20 വർഷത്തിലെ സ്ഥലമാറ്റ ഉത്തരവുകൾ അടങ്ങിയ ഉത്തരവ് കോപ്പി എടുത്തപ്പോൾ ഒരു കോപ്പി നൽകുവാൻ വിട്ടുപോയതാണെന്നും ആയതു ലഭ്യമാക്കാൻ ടിയാൻ അപേക്ഷ നൽകി തുക ഈടാക്കുന്ന മുറയ്ക്ക് ആയതു നൽകുന്നതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 22.12.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 16.01.2021 ൽ മറുപടി നൽകിയതായി കാണുന്നു. ടിയാന്റെ 15.02.2021 ലെ ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി 25.03.2021 ൽ നൽകിയ മറുപടിയിൽ ഫയൽ പരിശോധിക്കാൻ അവസരം നൽകിയിട്ടുള്ളതായാണ് കാണുന്നത്. ഇത്തരത്തിൽ മറുപടി നൽകാൻ കാലതാമസം വരുത്തേണ്ട ആവശ്യകത ഇല്ലായിരുന്നു. വിവരാവകാശ അപേക്ഷകൾക്ക് സമയപരിധിക്കുള്ളിൽ മറുപടി ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിക്കാൻ വേണ്ടത്ര ജാഗ്രത പുലർത്തേണ്ടതാണെന്നു കമ്മീഷൻ എതിർകക്ഷികളെ ഓർമ്മപ്പെടുത്തുന്നു. ഹിയറിംഗിൽ പങ്കെടുത്ത ഹർജിക്കാരന്

വൈകിയാണെങ്കിലും ടിയാൻ ആവശ്യപ്പെട്ട എല്ലാ പകർപ്പുകളും ലഭ്യമായി എന്നു ബോധിപ്പിച്ച സാഹചര്യത്തിൽ കമ്മീഷൻ ഈ അപ്പീലിന്മേൽ തുടർ നടപടികളിലേക്ക് കടക്കുന്നില്ല.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 26-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp